Draft #2 of File 1331/CBCSS16 SO/2019/CBCSS 16 Approved by ASSISTANT REGISTRAR I (ACADEMIC) on 03-Dec-2019 03:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ / മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഈടാക്കൽ സംബന്ധിച്ച ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6216/AC A 1/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 05.12.2019

---

പരാമർശം:-1)സർവകലാശാല ഉത്തരവ് നമ്പർ 8914/എ1/ 2 /2018 തീയതി 29.12.2018.

2)സിന്റിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ 1331/CBCSS 16 SO/2019/CBCSS 16 തീയതി 19.07.2019.

3) 16.11.2019 ലെ സിന്റിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 48/19.10/DDFS-1331/2019.

**ഉത്തരവ്**

വിവിധ കോഴ്സുകൾ കഴിഞ്ഞു മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടർപഠനത്തിനു പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ല എന്നും സർവകലാശാലയിൽ നിന്നുമുള്ള മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഫൈനൽ പരീക്ഷയുടെ ഗ്രേഡ് കാർഡ് വിതരണം ചെയ്യുന്ന സമയത്തു ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണെന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് ഫൈനൽ പരീക്ഷാഫീസിനൊപ്പം എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണെന്നും തീരുമാനിച്ച പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തുന്നതിനു പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്ന കുറിപ്പ് പരിഗണിച്ച സിൻഡിക്കേറ്റ് " മൈഗ്രേഷൻ സർട്ടിഫിക്കറ്റിന് പ്രത്യേക ഫീസ് അടച്ചു അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും അത് പരീക്ഷ രജിസ്ട്രേഷൻ ഫീസുമായി ബന്ധിപ്പിക്കേണ്ടതില്ലെന്നും" പരാമർശം (3) പ്രകാരം തീരുമാനിച്ചിരിക്കുന്നു.

തദനുസരണം പരാമർശം (1) ലെ ഉത്തരവിനു ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1 .എല്ലാ അഫിലിയേറ്റഡ് കോളേജുകൾ/പഠനവകുപ്പുകൾ

2.വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി മാർ

3.രജിസ്ട്രാർ /കൺട്രോളർ ഓഫ് എക്സാമിനേഷൻസ് /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ

4.ജെ.ആർ /ഡി.ആർ / എ.ആർ (പരീക്ഷ/അക്കാഡമിക്/ ഭരണം)

5.എസി .സി .I/II/എസി .എ VII / VIII/XII/എസി .ബി VI/VII

6.എസി.എൽ / എക്സാം ലീഗൽ / പി.ആർ.ഒ /എൻക്വയറി

7.കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ .സി

8.കരുതൽ ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 1331/CBCSS16 SO/2019/CBCSS 16 Approved by ASSISTANT REGISTRAR I (ACADEMIC) on 03-Dec-2019 03:32 PM - Page 2